സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ

115 (455) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മില്ലുകളുടെ നവീകരണത്തിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത മില്ലുകളുടെ പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനും സാമ്പത്തിക ബാധ്യതകൾ തീർക്കുന്നതിനും സർക്കാർ എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം മില്ലുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മകമായി ഇടപെടുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം മില്ലുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചുള്ള പരാതികളിൽ യഥാസമയം പരിഹാരം കാണുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയോടനുബന്ധിച്ച് സഹകരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന അരിമില്ലുകൾ സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി. പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അരിമില്ലിന്റെ നവീകരണത്തിനായി തൃശ്ശൂർ ജില്ലയിൽനിന്നും 816 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓഹരി മൂലധനം, വായ്പ സബ്സിഡി എന്നീ ഇനങ്ങളിലാണ് ധനസഹായം അനുവദിക്കുന്നത്. സംഘങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരാതികൾ ലഭിച്ചാൽ യഥാസമയം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly